## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

2. ലഹരി മാഫിയയുടെ പിടിയിൽ നിന്ന് യുവാക്കളെയും കുട്ടികളെയും സംരക്ഷിക്കാനുള്ള ശക്തമായ ശ്രമങ്ങൾ പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. വയനാട്ടിൽ മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്കായി നാളെയും തിരച്ചിൽ നടത്തും; ഉരുൾപൊട്ടൽ ബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ 2 ന് തുറക്കുമെന്ന് മന്ത്രി കെ രാജൻ.

4. പാരിസ് ഒളിമ്പിക്സിൽ മെഡൽ നേടിയ പി. ആർ ശ്രീജേഷിന് തിങ്കളാഴ്ച തിരുവനന്തപുരത്ത് സ്വീകരണം; 18-ാമത് ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കൾക്കുള്ള നിയമന ഉത്തരവും തിങ്കളാഴ്ച കൈമാറും.

5. ചട്ടങ്ങൾക്കും നിയമങ്ങൾക്കും കാലോചിതമായ പരിഷ്കാരങ്ങൾ കണ്ടെത്താൻ തദ്ദേശ അദാലത്ത് സഹായകരമാണെന്ന് മന്ത്രി എം.ബി. രാജേഷ്.

************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 113 - ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും മുഴുവൻ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമായിരിക്കും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും.

***********************************

## മുഖ്യമന്ത്രി - ഇരിങ്ങൽ

ലഹരി മാഫിയയുടെ പിടിയിൽ നിന്നും യുവാക്കളെയും കുട്ടികളെയും സംരക്ഷിക്കാനുള്ള ശക്തമായ ശ്രമങ്ങൾ പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം കോഴിക്കോട് ഇരിങ്ങലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സൈബർ തട്ടിപ്പ് കേസുകൾ അതി വിദഗ്ധമായി തെളിയിക്കാൻ കേരള പൊലീസിന് സാധിക്കുന്നുണ്ട്. ദുരന്ത മുഖങ്ങളിലെ രക്ഷാ പ്രവർത്തനങ്ങളിൽ അസാധാരണ പ്രവർത്തനമാണ് പോലീസ് നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

***********************************

## വയനാട് - തിരച്ചിൽ

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ പുനരാരംഭിക്കുന്നു. റിപ്പൺ ആനടിക്കാപ്പ് മുതൽ ചാലിയാർ വരെയുള്ള ഭാഗത്ത് നാളെ

PHUTVPM

പ്രത്യേക സംഘം തിരച്ചിൽ നടത്തും. രാവിലെ ആറുമണി മുതൽ വൈകിട്ട് 3.30 വരെയാണ് തിരച്ചിൽ നടക്കുക.

***********************************

## വയനാട് - കെ. രാജൻ

വയനാട്ടിൽ ഉരുൾപൊട്ടൽ ബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ 2 ന് തുറക്കുമെന്ന് മന്ത്രി കെ രാജൻ. ഉരുൾപൊട്ടൽ സംബന്ധിച്ച്, കേന്ദ്രത്തിന് ഈമാസം 18 ന് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചതായി അദ്ദേഹം അറിയിച്ചു. പുനരധിവാസം, ടൗൺഷിപ്പ്, ദുരന്തബാധിതരുടെ കടബാധ്യത തുടങ്ങിയവ മെമ്മോറാണ്ടത്തിൽ പരാമർശിച്ചിട്ടുണ്ട്. കേന്ദ്രസഹായം ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും റവന്യൂ മന്ത്രി പറഞ്ഞു.

***********************************

## സജി ചെറിയാൻ

ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്തു വന്നതിനു പിന്നാലെ, സംവിധായകൻ രഞ്ജിത്തിനെതിരെ ബംഗാളി അഭിനേത്രി ശ്രീലേഖ മിത്ര നടത്തിയ ആരോപണത്തിന്റെ വസ്തുത പരിശോധിക്കേണ്ടതുണ്ടെന്ന് മന്ത്രി സജി ചെറിയാൻ. സർക്കാർ ഇരക്കൊപ്പമാണെന്നും പരാതി തരുന്ന മുറയ്ക്ക് അന്വേഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.

***********************************

## വി.ഡി.സതീശൻ

ഹേമ കമ്മിറ്റി റിപ്പോർട്ടിലും സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്തിനെതിരെ ഉയർന്ന

RNU TVPM

ആരോപണങ്ങളിലും പ്രതിഷേധം ശക്തം. ബംഗാളി അഭിനേത്രിയുടെ ആരോപണത്തിൽ ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത് സ്ഥാനമൊഴിയണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ അഭിപ്രായപ്പെട്ടു. ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവയ്ക്കാൻ സർക്കാർ കൂട്ടു നിന്നതായും കൃത്യമായി അന്വേഷിച്ച് റിപ്പോർട്ടിന്റെ നിജസ്ഥിതി പുറത്തു കൊണ്ടു വരണമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

************************************

## കെ സുരേന്ദ്രൻ

ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനത്ത് തുടരാൻ രഞ്ജിത്തിന് ധാർമ്മിക അവകാശം ഇല്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. രഞ്ജിത്തിനെ പരസ്യമായി പിന്തുണച്ച സാംസ്കാരിക മന്ത്രി നിയമവ്യവസ്ഥയെ വെല്ലുവിളിക്കുകയാണെന്ന് ശ്രീ സുരേന്ദ്രൻ കോട്ടയത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

************************************

## രഞ്ജിത്ത്

സംവിധായകൻ രഞ്ജിത്തിനെതിരെ വയനാട്ടിൽ യൂത്ത് കോൺഗ്രസ് പ്രതിഷേധം. ആരോപണങ്ങളിൽ പ്രതികരിക്കാനില്ലെന്ന് രഞ്ജിത്ത് പറഞ്ഞു. അതേ സമയം റിസോർട്ടിൽ പോലീസ് സുരക്ഷ ശക്തമാക്കി.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല

വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഈ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***********************************

**ശ്രീജേഷിന് സ്വീകരണം**

പാരിസ് ഒളിമ്പിക്സിൽ മെഡൽ നേടിയ ഒളിമ്പ്യൻ പത്മശ്രീ പി.ആർ ശ്രീജേഷിന് തിങ്കളാഴ്ച തിരുവനന്തപുരത്ത് സ്വീകരണം നൽകുമെന്ന് മന്ത്രി വി.ശിവൻകുട്ടി. ഇതോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നിന്ന് ഘോഷയാത്ര സംഘടിപ്പിക്കും. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന്റെ ഉപഹാരം സമ്മാനിക്കും. ജക്കാർത്തയിൽ നടന്ന 18-ാമത് ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കൾക്കുള്ള നിയമന ഉത്തരവും ചടങ്ങിൽ കൈമാറും.

RNU TVPM

***********************************

**കോളറ - വയനാട്**

വയനാട് നൂൽപ്പുഴ പഞ്ചായത്തിൽ ചികിത്സയിലുള്ള രണ്ട് പേർക്ക് കൂടി കോളറ സ്ഥിരീകരിച്ചു. കഴിഞ്ഞ ദിവസം പരിശോധനയക്കയച്ച സാമ്പിളുകളിൽ നിന്നാണ് രോഗം സ്ഥിരീകരിച്ചത്. വയറിളക്ക രോഗം മൂലം വയനാട്ടിൽ 16 പേരാണ് നിലവിൽ ചികിത്സയിലുള്ളത്.

***********************************

## തദ്ദേശ അദാലത്ത് - എം.ബി. രാജേഷ്

വ്യക്തികളുടെ പ്രശ്നങ്ങൾക്കൊപ്പം പൊതുപ്രശ്നങ്ങൾക്കു പരിഹാരം കാണാനും തദ്ദേശ അദാലത്തിലൂടെ സാധിച്ചതായി മന്ത്രി എം. ബി. രാജേഷ്. കോട്ടയം അതിരമ്പുഴയിൽ തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ആറ് അദാലത്തുകളിലൂടെ ആയിരക്കണക്കിന് പരാതികൾക്ക് പരിഹാരം കാണാൻ സാധിച്ചതായി മന്ത്രി പറഞ്ഞു. കെട്ടിക്കിടക്കുന്ന പരാതികൾക്ക് നിയമപരമായ മാർഗത്തിലൂടെ പരിഹാരം കാണാനാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. ചട്ടങ്ങൾക്കും നിയമങ്ങൾക്കും കാലോചിതമായി ഉണ്ടാകേണ്ട പരിഷ്കാരങ്ങൾക്ക് അദാലത്ത് സഹായകരമാകുമെന്ന് ശ്രീ എം ബി രാജേഷ് പറഞ്ഞു. സഹകരണ വകുപ്പു മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു.

*************************************

## സീഡാക്ക്

സി ഡാകിൻറെ ഹാർഡ് വെയർ എമുലേഷൻ പ്ലാറ്റ്ഫോമിന്റെ സോഫ്റ്റ് ലോഞ്ചിങ്ങ് കേന്ദ്ര ഇലക്ട്രോണിക്സ്-വിവരസാങ്കേതിക വിദ്യ മന്ത്രാലയം സെക്രട്ടറി എസ് കൃഷ്ണൻ തിരുവനന്തപുരത്ത് നിർവഹിച്ചു. രാജ്യത്തെ ഇലക്ട്രോണിക്സ് മേഖലയിലേക്ക് നിർണായക സംഭാവനകൾ നൽകിയ സ്ഥാപനമാണ് സി -ഡാകെന്ന് ശ്രീ എസ് കൃഷ്ണൻ അഭിപ്രായപ്പെട്ടു. വ്യവസായ പങ്കാളിത്തത്തിലെ മികച്ച മാതൃക തുടരണമെന്നും തദ്ദേശീയ സാങ്കേതിക വിദ്യ പ്രചാരണത്തിനും പ്രോത്സാഹനത്തിനും ഊന്നൽ നൽകണമെന്നും അദ്ദേഹം പറഞ്ഞു. സീഡാക്ക് വികസിപ്പിച്ചെടുത്ത വിവിധ സാങ്കേതിക

RNU TVPM

വിദ്യ കൈമാറുന്നത് സംബന്ധിച്ച കരാർ പ്രമുഖ ദേശീയ കമ്പനികളുമായി ഒപ്പിട്ടു.

***********************************

## ഇടുക്കി - ഇൻട്രോ

കാലാവസ്ഥാ മുന്നറിയിപ്പുകൾ നിലനിൽക്കുന്നതിനാൽ ഇടുക്കി ജില്ലയിലെ ടൂറിസം മേഖലയിലേക്കുള്ള സഞ്ചാരികളുടെ വരവ് കുറഞ്ഞു. ഓണക്കാലത്തോടെ ടൂറിസം രംഗത്തെ നിലവിലെ തളർച്ചയ്ക്ക് പരിഹാരമാകുമെന്ന പ്രതീക്ഷയിലാണ് ഇടുക്കിയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

***********************************

## ആകാശവാണി - പ്രഭാഷണം

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75 ആം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര നാളെ കോട്ടയം പനമറ്റത്ത് നടക്കും. സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ കഥയരങ്ങിലും പ്രഭാഷണത്തിലും പങ്കെടുക്കും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി ശിവകുമാർ ചടങ്ങിൽ അധ്യക്ഷനാകും.

***********************************

PNU TVPM

## നാലുവർഷ ബിരുദ കോഴ്സ്

സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനം ഈ മാസം 31 വരെ നീട്ടുമെന്ന് മന്ത്രി ആർ ബിന്ദു. കൊച്ചിയിൽ ചേർന്ന സംസ്ഥാനത്തെ സർവകലാശാല വൈസ് ചാൻസലർമാരുടെയും രജിസ്ട്രാർമാരുടെയും യോഗത്തിലാണ് തീരുമാനം. നാലുവർഷ യു.ജി പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി യോഗമാണ് ചേർന്നത്. നാലുവർഷ യു.ജി പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് പ്രതിനിധികൾ അറിയിച്ചതായി മന്ത്രി പറഞ്ഞു.

************************************

## കാണാതായ പെൺകുട്ടി

RMU TVPM

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ പെൺകുട്ടിയുമായി കേരള പൊലീസ് സംഘം വിശാഖപട്ടണത്ത് നിന്നും തിരിച്ചു. സംഘം നാളെ തിരുവനന്തപുരത്തെത്തും. ഇന്ന് രാവിലെ വരെ കുട്ടി വിശാഖപട്ടണത്തെ സി.ഡബ്ല്യു.സി സംരക്ഷണ കേന്ദ്രത്തിലായിരുന്നു. നാളെ കോടതിയിൽ ഹാജരാക്കിയ ശേഷം കുട്ടിയുടെ സംരക്ഷണ കാര്യത്തിൽ തീരുമാനമെടുക്കും. പഠനം തുടരണമെന്നാണ് കുട്ടി ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളത്. അമ്മ വഴക്ക് പറഞ്ഞതിനെ തുടർന്ന് ചൊവ്വാഴ്ച വീടു വിട്ടിറങ്ങിയ കുട്ടിയെ ബുധനാഴ്ചയാണ് കണ്ടെത്തിയത്.

************************************

## മഴ

വടക്കൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ചക്രവാതച്ചുഴി അടുത്ത 48 മണിക്കൂറിനുള്ളിൽ ന്യൂനമർദ്ദമായി ശക്തി

പ്രാപിക്കാൻ സാധ്യത. ഇതിന്റെ ഫലമായി സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഇടിയോടു കൂടിയ മഴയ്ക്ക് സാധ്യത. കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

*****************************************************

***********************************

**********************

RNU TVPM